**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8 × 1 = 8)**

1. ആർക്ക് വേണ്ടി ഉല്പാദിപ്പിക്കണം എന്ന പ്രശ്നം ബന്ധപ്പെട്ടിരിക്കുന്നത്.
   (a) സാധനങ്ങളുടെയും സേവനങ്ങളുടെയും തിരഞ്ഞെടുപ്പ്
   (b) ദേശിയ വരുമാനത്തിന്റെ വിതരണം
   (c) വില നിർണ്ണയിക്കൽ
   (d) ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ

2. നിസ്സംഗതാ വക്രത്തിന്റെ ചെരിവ്
   (a) സീമാന്ത അവസര ചെലവ്
   (b) $-P_1/P_2$
   (c) സീമാന്ത പ്രതിസ്ഥാപന നിരക്ക്
   (d) $\Delta S/\Delta Y$

3. ശരാശരി സ്ഥിര ചെലവ് വക്രത്തിന്റെ ആകൃതി ?
   (a) 'U' ആകൃതി
   (b) തല കീഴായ 'U' ആകൃതി
   (c) മട്ടകോണ അതിവലയം (റെക്റ്റാംഗുലാർ ഹൈപ്പർബോള)
   (d) 'S' ആകൃതി

4. ഒരു പൂർണ്ണ കിടമത്സര കമ്പോളത്തിൽ
   (a) AR > MR   (b) AR < MR
   (c) AR = MR   (d) ഇവയൊന്നുമല്ല

5. സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി കമ്പോളത്തിൽ പ്രവേശിക്കുന്നതിനും ഒഴിഞ്ഞുപോകുന്നതിനും കഴിയുമെങ്കിൽ
   (a) P > min. AC   (b) P = min. AC
   (c) P < min. AC   (d) ഇവയൊന്നുമല്ല

6. ചോദനം പ്രദാനത്തേക്കാൾ കൂടുതലാണ് എങ്കിൽ സാഹചര്യം
   (a) അമിത പ്രദാനം   (b) അമിത ചോദനം
   (c) സന്തുലിതാവസ്ഥ   (d) അമിത ഉല്പന്നം

7. താഴെ തന്നിരിക്കുന്നവയിൽ സ്ഥൂല സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ടതേത് ?

(a) ഉപയുക്തത

(b) ആപ്പിളിന്റെ ചോദനം

(c) ദേശീയ വരുമാനം

(d) ഒരു കമ്പിനിയുടെ ലാഭം

8. മൊത്തം കൂട്ടിചേർക്കപ്പെട്ട മൂല്യം (GVA) അടിസ്ഥാന വിലയിൽ

(a) ഉല്പാദക ചെലവിലുള്ള GVA + അറ്റ ഉല്പാദന നികുതികൾ

(b) ഉല്പാദക ചെലവിലുള്ള GVA – അറ്റ ഉല്പാദന നികുതികൾ

(c) ഉല്പാദക ചെലവിലുള്ള GVA + അറ്റ പരോക്ഷ നികുതി

(d) ഉല്പാദക ചെലവിലുള്ള GVA – അറ്റ പരോക്ഷ നികുതി

9. $M_1$ = കറൻസി + _________

(a) സ്ഥിര നിക്ഷേപം

(b) ദൈനം ദിന നിക്ഷേപം

(c) ബാങ്ക് നിരക്ക്

(d) പോസ്റ്റ് ഓഫീസ് നിക്ഷേപം

10. താഴെ തന്നിരിക്കുന്ന സമവാക്യത്തിൽ ശരിയായതേത് ?

(a) MPS = S/Y

(b) MPC = C/Y

(c) MPS = 1 – MPC

(d) MPC = 1 + MPS

**11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

11. ഒരു വസ്തുവിന്റെ വില ഇലാസ്തിക ചോദനത്തെ നിർണ്ണയിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങളെ സൂചിപ്പിക്കുക.

12. ദീർഘകാല ശരാശരി ചെലവ് വക്രവും ദീർഘകാല സീമാന്ത ചെലവ് വക്രവും ഒരു ഡയഗ്രത്തിൽ വരക്കുക.

13. സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ സമ്പദ് വ്യവസ്ഥയിലെ നാല് മേഖലകൾ സൂചിപ്പിക്കുക.

14. CRR = 20% ആയാൽ പണ ഗുണകം കണ്ടെത്തുക.

15. താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| വരുമാനം | സമ്പാദ്യം | APC | APS |
|---|---|---|---|
| 500 | 200 | | |
| 1000 | 500 | | |
| 1200 | 600 | | |
| 1500 | 700 | | |

**16 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

16. ബാബുവിന് ആപ്പിളും നാരങ്ങയും ഉപഭോഗം ചെയ്യുന്നു. അദ്ദേഹത്തിന്റെ വരുമാനം 150 രൂപയാണ്. സാധനങ്ങളുടെ വില യഥാ ക്രമം 15 ഉം 10 ഉം ആണ്.

(a) തിരശ്ചീന ആന്തരഖണ്ഡം (ഹൊറിസോണ്ടൽ ഇന്റർസെപ്റ്റ്) കാണുക.

(b) ലംബിന ആന്തരഖണ്ഡം (വെർട്ടിക്കൽ ഇന്റർസെപ്റ്റ്) കാണുക.

(c) ബജറ്റ് രേഖയുടെ ചെരിവ് കാണുക.

17. തോതനുസരിച്ചുള്ള ആദായ നിയമത്തിന്റെ മൂന്ന് ഘട്ടങ്ങൾ വിശദീകരിക്കുക.

18. താഴെ തന്നിരിക്കുന്ന പട്ടികയിൽ ഒരു സ്ഥാപനത്തിന്റെ ആകെ വരുമാനവും ആകെ ചെലവും കാണിച്ചിരിക്കുന്നു. ഓരോ യൂണിറ്റ് ഉല്പന്നത്തിന്റെയും ലാഭം കണക്കാക്കുക. കമ്പോള വിലയും നിർണ്ണയിക്കുക.

| വിറ്റതിന്റെ എണ്ണം | മൊത്തം വരുമാനം (₹) | മൊത്തം ചെലവ് (₹) | ലാഭം |
|---|---|---|---|
| 0 | 0 | 5 | |
| 1 | 5 | 7 | |
| 2 | 10 | 10 | |
| 3 | 15 | 12 | |
| 4 | 20 | 15 | |
| 5 | 25 | 23 | |
| 6 | 30 | 33 | |
| 7 | 35 | 40 | |

19. ജി.ഡി.പി. യെ ക്ഷേമത്തിന്റെ സൂചകമായി ഉപയോഗിക്കാൻ കഴിയാത്ത മൂന്ന് സാഹചര്യങ്ങൾ വിശദീകരിക്കുക.

20. വാണിജ്യ ബാങ്കുകളുടെ പണം സൃഷ്ടിക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് നിയന്ത്രണത്തെ കുറിച്ച് വിശദീകരിക്കുക.

**21 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

21. പൂർണ്ണ കിടമത്സര കമ്പോളത്തിലെ ഒരു സ്ഥാപനത്തിന്റെ ഹ്രസ്വകാല അടച്ചുപൂട്ടൽ ബിന്ദുവും ഹ്രസ്വകാല ലാഭ നഷ്ട രഹിത ബിന്ദുവും ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.

22. സന്തുലിത വിലയിലും ഉല്പന്നത്തിലുമുള്ള മാറ്റം ചിത്രങ്ങളുടെ സഹായത്തോടെ വിശദീകരിക്കുക.

    (a) പ്രദാന വക്രവും ചോദന വക്രവും വലതുവശത്തേക്ക് മാറുന്നു.

    (b) പ്രദാന വക്രവും ചോദന വക്രവും ഇടതുവശത്തേക്ക് മാറുന്നു.

23. സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ ആവിർഭാവത്തെ കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.

24. ഒരു ഉപഭോക്താവ് ഒരു വർഷം 90 kg അരിയും 5 മീറ്റർ തുണിയും വാങ്ങുന്നു എന്ന് സങ്കല്പിക്കുക. 2020 ൽ ഒരു കിലോ അരിയുടെ വില 10 രൂപയും ഒരു മീറ്റർ തുണിയുടെ വില 100 രൂപയും ആയിരുന്നു. 2024 ൽ ഇവയുടെ വില യഥാക്രമം 15 ഉം 120 ഉം ആയി ഉയർന്നു. ഉപഭോക്തൃ വില സൂചിക കണ്ടെത്തുക.

25. സ്വതന്ത്ര ഉപഭോഗം 20 ഉം, നിക്ഷേപം 30, MPC = 0.8 ഉം ആയാൽ ഒരു ദ്വിമേഖല സമ്പദ് വ്യവസ്ഥയിലെ സന്തുലിത വരുമാനം കണ്ടെത്തുക.

**26 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

26. (a) വിഭവങ്ങളുടെ വിനിയോഗവുമായി ബന്ധപ്പെട്ട് സമ്പദ് വ്യവസ്ഥയിലുള്ള കേന്ദ്രീകൃത പ്രശ്നങ്ങളെ വിശദീകരിക്കുക.

    (b) ഏതെങ്കിലും രണ്ട് സമ്പദ് വ്യവസ്ഥയിൽ ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തുന്നതിനുള്ള സംവിധാനം സൂചിപ്പിക്കുക.

27. ചിത്രത്തിന്റെ സഹായത്തോടെ ചോദന വക്രത്തിലൂടെയുള്ള മാറ്റവും ചോദന വക്രത്തിന്റെ മാറ്റവും വിവേചിക്കുക.

28. ഒരു സ്ഥാപനത്തിന്റെ ശരാശരി സ്ഥിര ചെലവ്, ശരാശരി വിഭേദക ചെലവ് ശരാശരി ചെലവ് എന്നിവ എന്താണ് ? അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?

29. (a) വില പരിധി എന്നത് കൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്ത് ?

(b) ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക

(c) ഇതിന്റെ രണ്ട് അനന്തരഫലങ്ങൾ എഴുതുക.

30. സ്വതന്ത്ര ചെലവിൽ വരുന്ന മാറ്റത്തിന്റെ ഫലമായി വരുമാനത്തിലും ഉല്പന്നത്തിലും ഉണ്ടാകുന്ന ഫലം ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.

**31 മുതൽ 33 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

31. ഹ്രസ്വ കാലയളവിലും ദീർഘ കാലയളവിലും ഒരു സ്ഥാപനം ലാഭം പരമാവധി ആക്കണമെങ്കിൽ മൂന്ന് വ്യവസ്ഥകൾ നിറവേറ്റണം.

(a) മൂന്ന് വ്യവസ്ഥകൾ പ്രസ്ഥാവിക്കുക

(b) ഈ വ്യവസ്ഥകൾ വിശദീകരിക്കുക

(c) ചിത്രങ്ങൾ വരക്കുക.

32. (a) ഒരു ദ്വിമേഖല സമ്പദ് വ്യവസ്ഥയിൽ വരുമാനത്തിന്റെയും ചെലവിന്റെയും ചാക്രിക പ്രമാഹം വരക്കുക.

(b) ചിത്രത്തിൽ ദേശീയ വരുമാനം അളക്കുന്ന മൂന്ന് രീതികൾ അടയാളപ്പെടുത്തുക.

(c) ഈ മൂന്ന് രീതികൾ വിശദീകരിക്കുക.

33. (a) കേന്ദ്രബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക. (4)

(b) പണ പ്രദാനത്തെ നിയന്ത്രിക്കുന്നതിനുള്ള കേന്ദ്രബാങ്കിന്റെ നയ ഉപാദികൾ വിശദീകരിക്കുക. (4)

---